"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സംസ്ഥാന ആസൂത്രണ ബോർഡ് ആസ്ഥാന കാര്യാലയത്തിലെ സെക്യൂരിറ്റി ഗാർഡുകളുടെ കരാർ സേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.219/2024/P&EA തീയതി,തിരുവനന്തപുരം, 10-06-2024

---

പരാമർശം:- 1. 13.02.2012 ലെ സ.ഉ.(സാധാ)നം.53/2012/പ്ലാനിംഗ്

2. 24.06.2022 ലെ സ.ഉ.(സാധാ)നം. 250/2022/P&EA

3. 10.03.2023 ലെ സ.ഉ.(സാധാ)നം.95/2023/P&EA

4. സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 29.02.2024 ലെ എസ്.പി.ബി/423/2020-ഇ4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന ആസൂത്രണ ബോർഡിൽ കെക്സ്കോണിൽ നിന്നും തൊഴിൽ കരാർ മുഖേന നിയമിതരായ സെക്യൂരിറ്റി ഗാർഡുകളുടെ കരാർ കാലാവധി പരാമർശം (3) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01/04/2023 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. കെക്സ്കോണുമായുള്ള തൊഴിൽ കരാർ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ജീവനക്കാർ 8 മണിക്കൂർ ക്രമത്തിൽ 24 മണിക്കൂറും സേവനം നിർവ്വഹിച്ചു വരുന്നുവെന്നും സംസ്ഥാന ആസൂത്രണ ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് സെക്യൂരിറ്റി ഗാർഡുകളുടെ സേവനം അനിവാര്യമായതിനാലും ആസൂത്രണ ബോർഡും കെക്സ്കോണുമായുള്ള തൊഴിൽ കരാർ 31.03.2024 ന് അവസാനിക്കുന്നതിനാലും നിലവിൽ ജോലി ചെയ്യുന്ന 4 സെക്യൂരിറ്റി ഗാർഡുകളുടെ സേവനം 01.04.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ലഭിക്കുന്നതിന് കെക്സ്കോണുമായുള്ള തൊഴിൽ കരാർ പുതുക്കുന്നതിന് അനുമതി നൽകണമെന്ന് ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറി ശുപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ആസൂത്രണ

ബോർഡ് ആസ്ഥാന കാര്യാലയത്തിൽ നിലവിൽ ജോലി ചെയ്യുന്ന നാല് (4) സെക്യൂരിറ്റി ഗാർഡുകളുടെ കെക്സ്കോണുമായുള്ള തൊഴിൽ കരാർ പുതുക്കി, 01.04.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം കാലാവധി ദീർഘിപ്പിച്ച് അവർക്ക് തുടർച്ച അനുവദിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മഞ്ജു എം എസ്

അണ്ടർ സെക്രട്ടറി

1. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
3. ധനകാര്യ വകുപ്പിന് (29.03.2024 ലെ UO No.2356897:EXP-B3/63/2023-FIN പ്രകാരം)
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Anu Surendran
Date: 10-06-2024 17:23:07

സെക്ഷൻ ഓഫീസർ